# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജനുവരി 16

# വാർത്താക്കുറിപ്പ്

---

**ഡി.ഡി.എഫ്.എസ്.; പരിശീലന പരിപാടി ഇന്നുമുതൽ**

സർവകലാശാലയിലെ ഓൺലൈൻ ഫയൽ സംവിധാനമായ ഡി.ഡി.എഫ്.എസിൽ ഡിജിറ്റൽ സിഗ്നേച്ചർ ഉൾപ്പെടുത്തുന്നതിനും സ്റ്റാറ്റിയൂട്ടറി ഓഫീസർമാർക്കും വകുപ്പു തലവന്മാർക്കും സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്നതിനുമുള്ള പരിശീലന പരിപാടി ഇന്ന് (ജനുവരി 17) മുതൽ 19 വരെ നടക്കും. രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ സർവകലാശാലയിലെ സെന്റർ ഫോർ ഹൈ പെർഫോമൻസിലാണ് പരിശീലനം.

(പി.ആർ.ഒ./39/73/2019)

**പരീക്ഷഫലം**

2017 ഡിസംബറിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ. സംസ്കൃതം ജനറൽ (പ്രൈവറ്റ് - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 30 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/74/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സ® വ്വകലാശാല

പബ്ലിക് റിലേഷ® സ് ഓഫീസറുടെ കാര്യാലയം
പ്രിയദ® ശിനി ഹി® സ് പി.ഒ., കോട്ടയം–686 560
ഫോ® : 0481 – 2733298, മൊബൈ® : 9495119702


2019 ജനുവരി 16

വാ® ത്താക്കുറിപ്പ് **2**

---

## എം.ജി. സർവകലാശാല എൻ.എസ്.എസ്. അവാർഡ് വിതരണം നാളെ

മഹാത്മാഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീം 2017-18 അവാർഡ് വിതരണം നാളെ(ജനുവരി 18) സർവകലാശാല അസംബ്ലി ഹാളിൽ നടക്കും. രാവിലെ 10.30 ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അവാർഡ് വിതരണോദ്ഘാടനം നിർവഹിക്കും. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിക്കും. വിവിധ വിഭാഗങ്ങളിലായി 35 അവാർഡുകളാണ് നൽകുന്നതെന്ന് സർവകലാശാല എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു അറിയിച്ചു.

എ. അരുൺ കുമാർ

പബ്ലിക് റിലേഷൻസ് ഓഫീസർ